കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No.27/1461 Convent Road, Kammattam Lane, Vanchiyoor, Thiruvananthapuram-35
Phone: 0471-2472253, 2472254, Fax : 0471-2462252, E-mail: stateliteracymission@gmail.com

തീയതി: 10.10.2017

പ്രസിദ്ധീകരണത്തിന്,

## ഇതരസംസ്ഥാന തൊഴിലാളികൾ അന്യരല്ല

# സാക്ഷരതാമിഷൻ 'സൗഹൃദ സംഗമം' സംഘടിപ്പിക്കുന്നു

തിരുവനന്തപുരം: കേരളത്തിൽ ജീവിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾ അന്യരല്ലെന്ന സന്ദേശവുമായി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി എല്ലാ ജില്ലകളിലും സൗഹൃദസംഗമം സംഘടിപ്പിക്കുന്നു. മറുനാടൻ തൊഴിലാളികൾ കേരളത്തിൽ സുരക്ഷിതരല്ലെന്നുള്ള തെറ്റായ ധാരണ പരത്തുന്ന പ്രചാരണങ്ങൾക്കെതിരെയാണ് ഒക്ടോബർ 14 മുതൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിപാടി സംഘടിപ്പിക്കുന്നത്.

ഇതര സംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കുന്നതിനുവേണ്ടി സാക്ഷരതാ മിഷൻ ആരംഭിച്ച 'ചങ്ങാതി' പദ്ധതിയുടെ ഭാഗമായാണ് സംഗമങ്ങൾ നടത്തുന്നത്. ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം സർക്കാർ വളരെ പ്രാധാന്യത്തോടെയാണ് കാണുന്നത്. ഇതിന്റെ ഭാഗമായാണ് ഇതരസംസ്ഥാന തൊഴിലാളികളും മലയാളികളും തമ്മിലുള്ള സാഹോദര്യം ദൃഢപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ 'ചങ്ങാതി' പദ്ധതിക്കു തുടക്കം കുറിച്ചത്. ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള സാക്ഷരതാ ക്ലാസുകൾ നടക്കുന്ന വാർഡുകളിൽ സൗഹൃദ സഭകൾ സാക്ഷരതാ മിഷൻ ആരംഭിച്ചിരുന്നു. എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ചങ്ങാതി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് സൗഹൃദ സംഗമം നടത്തുന്നതെന്ന് ഡയറക്ടർ ഡോ.പി.എസ്.ശ്രീകല അറിയിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ